ഇവർ മിക്കവാറും അസംഘടിതരുമാണ്. സംഘടിതമായ മേഖലയല്ല. ചെറുകിട കൃഷിക്കാർ എന്നുള്ള രീതിയിൽ ഒന്നു മുതൽ അഞ്ച് ഏക്കർവരെയാണ് ഓരോ ഭൂവുടമയ്ക്കും ഉള്ളത്. അവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടിയുള്ള ഒരു തീരുമാനം ഉണ്ടാകണം. ക്ഷേമനിധി ആനുകൂല്യമെന്നു പറഞ്ഞാൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ആണ്. കേവലമായ ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നു പറയുമ്പോൾ പെൻഷൻ ഇല്ലാത്ത ആനുകൂല്യങ്ങൾ കൊണ്ട് ജീവിതത്തിന്റെ ഭാവി സുരക്ഷിതമാകുകയില്ല. തൊഴിൽ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട കൂലി വ്യവസ്ഥ പരിഷ്കരിക്കേണ്ട നിലപാടും സ്വീകരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താല്പര്യമെടുത്ത് ഈ മേഖലയിലെ കാര്യങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടി മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്റർ ചൂണ്ടിക്കാണിച്ചത് കേരളത്തിലെ ചെറുകിട തോട്ടങ്ങൾ, പ്രത്യേകിച്ച് റബ്ബർ തോട്ടം മേഖലയിലെ തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതിയെ സംബന്ധിച്ചാണ്. ഈ കാര്യം സർക്കാരിന്റെ സജീവമായ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് ഒരു ബിൽ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ നടന്നു വരുന്നു. അത് നിയമസഭയിലേക്ക് ഇൻട്രോഡ്യൂസ് ചെയ്യാവുന്ന സ്ഥിതിയിൽ വന്നിട്ടുണ്ട്. പക്ഷേ വേറൊരു പ്രശ്നം വന്നിട്ടുള്ളത് ഇപ്പോൾ ഇവർ കർഷകത്തൊഴിലാളി ക്ഷേമനിധിയുടെ കീഴിൽ വരുന്നതാണ്. അവരെ കർഷകത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളാക്കി അവർക്ക് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ നൽകാവുന്നതേയുള്ളൂ. ഏറ്റവും കുറഞ്ഞത് രണ്ട് ലക്ഷത്തോളം തൊഴിലാളികളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ പ്രത്യേക ക്ഷേമ പദ്ധതി രൂപീകരിക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ അത് ക്ഷേമപദ്ധതിയായി നിലനിൽക്കുകയില്ല. അതുകൊണ്ട് കർഷകത്തൊഴിലാളി ക്ഷേമ നിധിയിൽത്തന്നെ ഇതിന് ആനുകൂല്യങ്ങൾ നൽകാൻ കഴിയുമോ എന്നത് ഗവൺമെന്റ് ഒന്നുകൂടി പരിശോധിക്കുന്നതാണ്. പിന്നെ കൂലി വ്യവസ്ഥയെക്കുറിച്ച് പറഞ്ഞു. പ്ലാന്റേഷൻ മേഖലയിൽ ആകെയുള്ള കൂലിയുടെ മിനിമം വേജസ് പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള പ്രഖ്യാപനം ഉടൻ തന്നെയുണ്ടാകും. അതിന്റെ ഗുണം ഇവർക്കും ലഭ്യമാകുന്നതാണ്.

(7) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾക്ക് അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിൽ നടക്കുന്ന വ്യാപകമായ ക്രമക്കേടുകൾ

ശ്രീ. ഇ. എം. അഗസ്തി: സർ, സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതിന് സമൂഹത്തിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പലപ്പോഴും ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ഓരോ ഘട്ടം കഴിയുംതോറും ലിസ്റ്റിൽ അനർഹരായ ആളുകൾ കടന്നുകൂടുകയും അർഹരായവർ പുറം തള്ളപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആളുകളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള അന്നപൂർണ്ണ, അന്ത്യോദയ പദ്ധതികളും ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ചിരിക്കുന്നതും ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളതുമായ 3 രൂപയ്ക്ക് 35 കിലോ അരി നൽകുന്ന പദ്ധതിയും അനർഹരായ ആളുകളുടെ കൈകളിൽ എത്തുമോ എന്ന് സംശയമുണ്ട്. അനർഹരായ ആളുകളുടെ കയ്യിൽ എത്തുന്നതിലുപരി അർഹരായ ആളുകൾ അവഗണിക്കപ്പെടുകയും ചെയ്യുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ അനുഭവം പറഞ്ഞാൽ വർഷങ്ങളായി ഉടമകൾ ഉപേക്ഷിച്ചുപോയ തോട്ടങ്ങളിലെ ലയങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾക്ക് കൂലിയുമില്ല വേതനവുമില്ല. അവർ എല്ലാവരും എസ്റ്റേറ്റ് ലൈനിൽ താമസിക്കുന്നവരാണ്. അവരിൽ കുറച്ച് ആളുകൾ ബി.പി.എൽ. ലിസ്റ്റിലും കുറച്ചു പേർ എ.പി.എൽ. ലിസ്റ്റിലുമാണ്. പട്ടിണിക്കാരായ, ജോലിയില്ലാത്ത ആളുകളെ തരംതിരിക്കുന്നതിനുള്ള മാനദണ്ഡം എങ്ങനെയാണെന്ന് വ്യക്തമല്ല. ഇതൊക്കെ ലിസ്റ്റ് തയ്യാറാക്കാൻ നിയോഗിക്കപ്പെടുന്ന ആളുകൾ രാഷ്ട്രീയ പരിഗണനയോടുകൂടിയോ വ്യക്തി താൽപ്പര്യങ്ങളോടുകൂടിയോ ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഫലമായാണ് അനർഹരായ പലർക്കും ഈ സൗജന്യങ്ങളുടെ പ്രയോജനം ലഭ്യമാകുകയും സമൂഹത്തിലെ ഏറ്റവും ദുർബലരായ ആളുകൾക്ക്, അവരിൽ സഹായം അർഹിക്കുന്ന ആളുകൾക്ക് അത് ലഭ്യമാകാതെ പോവുകയും ചെയ്യുന്ന ഗുരുതരമായ സ്ഥിതി വിശേഷം ഉണ്ടായിട്ടുള്ളത്. സമൂഹത്തിലെ താഴെത്തട്ടിലുള്ള ആളുകൾക്ക് അത് പ്രയോജനമാകാതെ പോകുന്നു എന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള ക്രമക്കേട് പരിശോധിക്കാനും അതിന് പരിഹാരം ഉണ്ടാക്കുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, റേഷൻ വിതരണത്തിന് നിലവിലുള്ള എ.പി.എൽ., ബി.പി.എൽ. ലിസ്റ്റിൽ വളരെയധികം അപാകതകൾ ഉണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപടികൾ ആരംഭിക്കുകയും ബി.പി.എൽ. കാർഡുടമകളുടെ വിവരം ശേഖരിച്ച് ബി.പി.എൽ. വിഭാഗത്തിൽപെടുന്നവരല്ലെന്നു പ്രകടമായി കാണുന്നവരേയും ബി.പി.എൽ.-ൽ നിന്ന് എ.പി.എൽ.—ലേക്ക് സ്വയം മാറാൻ സന്നദ്ധരാകുന്നവരേയും എ.പി.എൽ-ലേക്ക് മാറ്റാൻ തീരുമാനിക്കുകയും ചെയ്തു. ഇപ്രകാരം വിവരം ശേഖരിക്കുവാൻ 26-11-2005-ൽ ജില്ലാ സപ്ലൈ ആഫീസർമാർക്ക് നിർദ്ദേശം നൽകുകയും പിന്നീട് 5-1-2006-ലെ സർക്കാർ ഉത്തരവനുസരിച്ച് എ.പി.എൽ.-ലേക്ക് മാറ്റുന്നതിന് 8 മാനദണ്ഡങ്ങൾ നിശ്ചയിച്ച് ജില്ലാ സപ്ലൈ ആഫീസർമാർക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ രീതിയിൽ ആകെ 18,69,337 ഫാറങ്ങൾ വിതരണം ചെയ്യുകയും അതിൽ 17,57,347 എണ്ണം പൂരിപ്പിച്ച് തിരികെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ പരിശോധിച്ചതിൽ 81,375 പേരെ എ.പി.എൽ.-ലേക്ക് മാറ്റാൻ കഴിയുമെന്നാണ് കാണുന്നത്. ഇപ്രകാരം അനർഹരായ ആളുകളെ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ 15-2-2006-നകം പൂർത്തിയാക്കുന്നതാണ്. ബി.പി.എൽ-ൽ നിന്നും ഒഴിവാക്കപ്പെടുന്ന അനർഹർക്ക് പകരം അർഹരായവരെ ചേർക്കുന്നത് വിശദമായ പരിശോധനയ്ക്കുശേഷം മാത്രമായിരിക്കും. അതിനുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly